# വിശ്വാസപരിശീലന കേന്ദ്രം

## സന്മാർഗ്ഗപാഠം വാർഷിക പരീക്ഷ

**2019 ജനുവരി 11 വെള്ളിയാഴ്ച**യാണ് സന്മാർഗ്ഗപാഠം വാർഷിക പരീക്ഷ. താഴെ പറയുന്ന രീതിയിലാണ് പരീക്ഷ ക്രമീകരിച്ചിരിക്കുന്നത്

| | |
|---|---|
| V, VII, IX | - 10.00 am - 12.00 noon |
| IV, VI, VIII, X | - 2.00 pm - 4.00 pm |

1. IV - X വരെ ക്ലാസുകളിൽ ചോദ്യപേപ്പർ വർഷാരംഭത്തിൽ തന്നിരിക്കുന്ന മാതൃകയിൽ തന്നെയായിരിക്കും ക്രമീകരിക്കുക.
2. മുൻ വർഷങ്ങളിലെ പോലെ പരീക്ഷയ്ക്ക് പാഠപുസ്തകത്തിലെ എല്ലാ പാഠങ്ങളിൽ നിന്നും ചോദ്യം ഉണ്ടായിരിക്കും. ഇംഗ്ലീഷ് - മലയാളം മീഡിയം ക്ലാസുകളിലേക്ക് പ്രത്യേകം ചോദ്യപേപ്പറുകൾ ഉണ്ടായിരിക്കും.
3. I മുതൽ III വരെ ക്ലാസുകളിലും XI, XII ക്ലാസുകളിലും അതിരൂപത തലത്തിൽ പൊതുപരീക്ഷ ഉണ്ടായിരിക്കുന്നതല്ല, ഈ ക്ലാസുകളിലെ ചോദ്യപേപ്പർ പി.ഒ.സി.യിൽ നിന്നും വാങ്ങാവുന്നതാണ്.
4. കെ.സി.ബി.സി വിദ്യഭ്യാസ കമ്മീഷൻ തയ്യാറാക്കുന്ന ചോദ്യപേപ്പറുകളായതിനാൽ അതിരൂപതയുടെ വെബ്സൈറ്റിൽ നിന്നും ചോദ്യപേപ്പറുകളും ഉത്തരസൂചികകളും ലഭിക്കുന്നതല്ല.
5. IV - X വരെ ക്ലാസുകളിലെ ഉത്തര പേപ്പറുകൾ പരിശോധിച്ച് 80 ശതമാനവും (50-ൽ 40) അതിൽ കൂടുതലും മാർക്കുള്ള ഉത്തരക്കടലാസുകളും അവരുടെ മാർക്ക് ലിസ്റ്റും ജനുവരി 19-ാം തിയതിക്കകം ഫൊറോനാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. 2019 ജനുവരി 19-നുശേഷം ലഭിക്കുന്ന ഉത്തര പേപ്പറുകൾ പരിഗണിക്കുന്നതല്ല.
6. **സംസ്ഥാന തല സ്കോളർഷിപ്പ് പരീക്ഷ**

   IV, VII, X ക്ലാസുകളിലെ കുട്ടികൾക്കായുള്ള സ്കോളർഷിപ്പ് പരീക്ഷ 2019 ഫെബ്രുവരി 9 ശനിയാഴ്ചയാണ് നടത്തുക.

പ്രസ്തുത ക്ലാസ്സുകളിൽ വാർഷിക പരീക്ഷക്ക് 90 ശതമാനത്തിന് മുകളിൽ മാർക്കുള്ള കുട്ടികളിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയിരിക്കുന്ന ഓരോ ക്ലാസിലേയും 3 കുട്ടികളെയാണ് ഓരോ സ്കൂളിൽ നിന്നും നമ്മുടെ അതിരൂപത സംസ്ഥാനതല സ്കോളർഷിപ്പ് പരീക്ഷക്കായി തെരഞ്ഞെടുക്കുന്നത്.

സ്കോളർഷിപ്പ് പരീക്ഷയുടെ ചോദ്യങ്ങൾ മുൻവർഷത്തേതുപോലെ ഒറ്റവാക്കിൽ ഉത്തരം എഴുതുക എന്ന രീതിയിലായിരിക്കും. IV, VII ക്ലാസ്സുകളിൽ 50 ചോദ്യവും X, XII ക്ലാസുകളിൽ 60 ചോദ്യവും ഉണ്ടായിരിക്കും. 5 മാർക്കിന്റെ ചോദ്യങ്ങൾ പൊതുചോദ്യങ്ങളായിരിക്കും.

സ്കോളർഷിപ്പ് പരീക്ഷ എവിടെയാണ് നടത്തുന്നത് എന്ന വിവരം പിന്നീട് അറിയിക്കുന്നതായിരിക്കും.

## പ്രധാന പരിപാടികൾ

**ഡിസംബർ 2018**

02 ഞായർ : എലൈവ് - തൃപ്പൂണിത്തറ ഫൊറോന
08 ശനി : എൻലൈറ്റ് - മഞ്ഞപ്ര, കൊരട്ടി ഫൊറോനകൾ
പ്രതിഭാ സംഗമം (ഫൊറോനാ തലത്തിൽ തിരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ)
- റിന്യൂവൽ സെന്റർ, കലൂർ
09 ഞായർ : എലൈവ് - മൂഴിക്കുളം ഫൊറോന
പ്രതിഭാ സംഗമം (ഫൊറോനാ തലത്തിൽ തിരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ)
- റിന്യൂവൽ സെന്റർ, കലൂർ
19, 20, 21 (ബുധൻ, വ്യാഴം, വെള്ളി) : സ്റ്റാഫ് - പ്രാർത്ഥനാ ദിനം
23 ഞായർ : കുട്ടികളുടെ ക്രിസ്മസ് ആഘോഷം
24, 25, 26 (തിങ്കൾ, ചൊവ്വ, ബുധൻ) : ഓഫീസ് അവധി

**ജനുവരി 2019**

01 ചൊവ്വ : പുതുവത്സരദിനം - ഓഫീസ് അവധി
11 വെള്ളി : സന്മാർഗപാഠ പൊതു പരീക്ഷ (റെഗുലർ സ്കൂൾ)
V, VII, IX - 10.00 am - 12.00 noon
IV, VI, VIII, X - 2.00 pm - 4.00 pm

**ഫാ. ജോയ്സ് കൈതക്കോട്ടിൽ**
**ഡയറക്ടർ**